"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ശ്രീമതി സവിത ബാലൻ- ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ഡ്രഗ് സ്റ്റാൻഡേർഡൈസേഷൻ യൂണിറ്റിലെ (DSU) സീനിയർ റിസർച്ച് ഓഫീസർ (കെമിസ്ട്രി) തസ്തികയിലേക്ക് അന്യത്ര സേവനവ്യവസ്ഥയിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.64/2024/AYUSH തീയതി,തിരുവനന്തപുരം, 21-02-2024

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 18.01.2024 01.02.2024 എന്നീ തീയതികളിലെ ഇ1/57/2024/ഡി എ എം ഇ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ഡ്രഗ് സ്റ്റാൻഡേർഡൈസേഷൻ യൂണിറ്റിലെ (DSU) സീനിയർ റിസർച്ച് ഓഫീസർ (കെമിസ്ട്രി) തസ്തിക 01.06.2023 മുതൽ ഒഴിഞ്ഞു കിടക്കുകയാണെന്നും ടി തസ്തികയിലേക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലെ കെമിസ്റ്റ് ശ്രീമതി സവിത ബാലൻ, മാതൃവകുപ്പിന്റെ എൻ.ഒ.സി സഹിതം ടി തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും, ഉയർന്ന തസ്തികയായ സീനിയർ റിസർച്ച് ഓഫീസർ(കെമിസ്ട്രി) ഒഴിഞ്ഞു കിടക്കുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാകയാൽ അന്യത്രസേവന വ്യവസ്ഥയിലെ ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശിത കത്തുകൾ പ്രകാരം അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ഡ്രഗ് സ്റ്റാൻഡേർഡൈസേഷൻ യൂണിറ്റിലെ (DSU) സീനിയർ റിസർച്ച് ഓഫീസർ (കെമിസ്ട്രി) തസ്തികയിലേക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലെ കെമിസ്റ്റ് ശ്രീമതി സവിത ബാലന് ഒരു വർഷത്തേക്ക് നിലവിലെ അന്യത്രസേവന വ്യവസ്ഥയിലെ ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി നിയമനം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്, കവടിയാർ പിഒ, തിരുവനന്തപുരം

ശ്രീമതി.സവിത ബാലൻ (ഗ്രൗണ്ട് വാട്ടർ വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 21-02-2024 16:54:26

പകർപ്പ് - ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി എസിന്

ബഹു. ആയുഷ് വകുപ്പ് മന്ത്രിയുടെ പിഎസിന്